അംഗീകൃത അൺഎയിഡഡ് സ്കൂളുകളിലെ ഫീസ്

951 [1145] ശ്രീ. വി.ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗീകൃത അൺഎയിഡഡ് സ്കൂളുകളിൽ വിദ്യാർത്ഥികളിൽനിന്നും ഈടാക്കാവുന്ന ഫീസ് ഇത്രയാണെന്ന് നിജപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം ക്ലാസ്സുകളിൽ എത്ര വീതമാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്. കെ.ഇ.ആർ.ലെ റൂൾ 29. അദ്ധ്യായം 12 അനുസരിച്ച്.

(ബി) സ്റ്റാൻഡേർഡ് ഒന്നുമുതൽ നാലുവരെ ഒരു കുട്ടിയിൽനിന്ന് ഒരു വർഷത്തേയ്ക്ക് 60 രൂപയും. സ്റ്റാൻഡേർഡ് അഞ്ചുമുതൽ ഏഴുവരെ ഒരു കുട്ടിയിൽനിന്ന് ഒരു വർഷത്തേയ്ക്ക് 90 രൂപയും. സ്റ്റാൻഡേർഡ് എട്ടുമുതൽ പത്തുവരെ ഒരു കുട്ടിയിൽനിന്ന് ഒരു വർഷത്തേയ്ക്ക് 160 രൂപയും റ്റ്യൂഷൻ ഫീസായി പിരിക്കുന്നുണ്ട്. കൂടാതെ സ്പെഷ്യൽ ഫീസായി മേൽ പ്രസ്താവിച്ച തുകയുടെ മൂന്നിലൊന്നിൽ കവിയാത്ത തുകയും കുട്ടികളിൽനിന്നും ഈടാക്കാവുന്നതാണ്.

പ്രീഡിഗ്രി പ്രവേശനത്തിലെ കോഴവാങ്ങൽ

952 [1146] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രീഡിഗ്രി പ്രവേശനത്തിലെ കോഴ വാങ്ങൽ കണ്ടുപിടിക്കുന്നതിന് കെ.എസ്.യു. (ഐ) തൃശ്ശൂർ ജില്ലാ വിജിലൻസ് സ്ക്വാഡ് രൂപീകരിച്ച് കോളേജുകളിൽ അന്വേഷണം നടത്തി നടപടികൾ സ്വീകരിക്കുന്നതായി ഗവൺമെൻറിന് എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പരാതികളിലെ വിവരങ്ങളും അതിൻമേൽ ഗവൺമെൻറ് കൈക്കൊണ്ട നടപടികളും പറയാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

പ്രീഡിഗ്രി കോഴ്സുകളിലെ സീറ്റുകൾ

953 [1147] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.ഡി.സി.ക്ക് സ.സ്ഥാനത്ത് മൂന്നു സർവകലാശാലകളിലും കൂടി ആകെ വിവിധ ഗ്രൂപ്പുകൾക്കായി എത്ര സീറ്റുകൾ ഉണ്ട്;

(ബി) പി.ഡി.സി.ക്കുള്ള സീറ്റുകളുടെ എണ്ണം കൂട്ടാൻ സർവകലാശാലകൾക്ക് നിർദ്ദേശം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly